**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് വെയർ ഹൗസ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് 2013-14 - എറണാകുളം ജില്ല - സംഭരണശാല നിർമ്മിക്കുന്നത് - ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.2346/14/തസ്വഭവ തിരുവനന്തപുരം, തീയതി, 05.09.2014

==========================================================================

പരാമർശം: 1. 04.04.2014 ലെ നബാർഡിന്റെ എൻ.ബി.(കേരള)ആർ.ഒ./ഡബ്ല്യൂ.ഐ.എഫ്/ എൻ.ഡബ്ല്യൂ.എസ്./9505/13-14 നമ്പർ കത്ത്.

2. 16.05.2014 ലെ ഗ്രാമവികസന കമ്മീഷണറുടെ 11440/ആർ.ഐ4/13/സിആർഡി നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം ഒന്നു പ്രകാരം എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്കിൽ പുതിയ സംഭരണശാല നിർമ്മിക്കുന്നതിന് നബാർഡ് വെയർഹൗസിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ അടങ്കൽ തുക 198 ലക്ഷം രൂപയാണ്. ഇതിൽ 188.10 ലക്ഷം രൂപ നബാർഡ് വായ്പയായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പാമ്പാക്കുട ബ്ലോക്കിൽ പുതിയ സംഭരണശാല നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം(2)പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ നബാർഡ് വെയർ ഹൗസിംഗ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീം (13-14) പ്രകാരം പുതിയ സംഭരണശാല നിർമ്മിക്കുന്നതിന് താഴെപറയും പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| | | |
|---|---|---|
| പ്രോജക്ട് കോസ്റ്റ് | - | 198 ലക്ഷം രൂപ |
| നബാർഡ് വായ്പ | - | 188.10 ലക്ഷം രൂപ |

സംസ്ഥാന വിഹിതം - 9.90 ലക്ഷം രൂപ

സംസ്ഥാന വിഹിതം പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

രാമൻകുട്ടി.സി,
ഡെപ്യൂട്ടി സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പ്രസിഡന്റ്/സെക്രട്ടറി, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്.
3. ധനകാര്യ വകുപ്പ് (48438/എൻ.സി.എ1/14/ധന തീയതി 17.07.2014 പ്രകാരം).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ